# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 582 — 04.02.2020 ൽ മറുപടിക്ക്

**ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷൻ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.ഉമ്മർ | | ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) 1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ടിലെ 9 ബി വകുപ്പ് പ്രകാരം സംസ്ഥാനത്ത് ഓരോ ജില്ലയിലും ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) യും (സി) യും | 1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ടിലെ 9 ബി വകുപ്പ് പ്രകാരം സംസ്ഥാനത്ത് ഓരോ ജില്ലയിലും ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷൻ (ഡി.എം.എഫ്) രൂപീകരിച്ചിട്ടുണ്ട്. 14 ജില്ലകളിലും ഡി.എം.എഫ് ഫൗണ്ടേഷൻ ട്രസ്റ്റ് രൂപീകരിച്ചിട്ടുള്ളതും ട്രസ്റ്റിന്റെ പേരിൽ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുള്ളതുമാണ്. 31.12.2019 വരെ കേരളത്തിൽ ആകെ 22.09 കോടി രൂപ ഡി.എം.എഫ് ഫണ്ട് സ്വരൂപിച്ചിട്ടുണ്ട്. ഡി.എം.എഫ് ട്രസ്റ്റിന്റെ ഭരണ സമിതിയിൽ ജില്ലാ കളക്ടർ ചെയർപേഴ്സണും മാനേജിംഗ് ട്രസ്റ്റിയുമാണ്. കൂടാതെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പ്രസിഡന്റും ജില്ലാ കളക്ടർ ആണ്. 10 ജില്ലകളിൽ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് നടന്നിട്ടുണ്ട്. ഇക്കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനസർക്കാർ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ചട്ടങ്ങൾക്ക് നിയമസഭയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 2018 ലെ കേരള ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷൻ ചട്ടങ്ങൾ 22.05.2018 -ൽ എസ്.ആർ.ഒ നമ്പർ 326/2018 ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾക്ക് കേരള നിയമസഭയുടെ വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി IV അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) ഓരോ ജില്ലയിലുമുള്ള ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**